**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **09-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസുകാരുടെ ഗുണ്ടാ ബന്ധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016-ൽ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് ഗുണ്ടാ ബന്ധമുള്ളതായി കണ്ടെത്തിയിട്ടുള്ള പോലീസുകാരുടെ എണ്ണം എത്ര; | (എ) | പോലീസ് ഉദ്യോഗസ്ഥരിൽ നിലവിൽ ഗുണ്ടാ ബന്ധമുണ്ടെന്ന് വ്യക്തമായ 8 പേരാണുള്ളത്. |
| (ബി) | ഈ കാലയളവിൽ പോലീസുകാരുടെ ഗുണ്ടാ ബന്ധം സംബന്ധിച്ച് ആകെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; | (ബി) | പരിശോധനയിൽ പോലീസുകാരുടെ ഗുണ്ടാബന്ധം വ്യക്തമാക്കുന്ന ഒരു പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അപ്രകാരം ലഭിച്ച പരാതികൾക്കുപുറമെ ഗുണ്ടാ ബന്ധത്തിന്റെ പേരിൽ ആകെ എത്ര പോലീസുകാർക്കെതിരെയാണ് വകുപ്പുതല നടപടികൾ ഉൾപ്പെടെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്; | (സി) | പരിശോധനയിൽ പോലീസുകാരുടെ ഗുണ്ടാബന്ധം വ്യക്തമാക്കുന്ന ഒരു പരാതി സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗുണ്ടാ ബന്ധത്തിന്റെ പേരിൽ നാളിതുവരെ ഏതെങ്കിലും പോലീസുകാരെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം ലഭ്യമാകുമോ? | (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ സർവ്വീസിൽ നിന്ന് ആരെയും നീക്കം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച പരിശോധനകൾ കർശനമായി തുടർന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ